1

# FIRST TERMINAL EXAMINATION
# PLUS TWO MALAYALAM

MAX SCORE 80
TIME 2 ½ HOURS

**1 മുതൽ 5 വരെ ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക (2 സ്കോർ വീതം)** 4 x 2 = 8

1) ഇ സി ജി സുദർശനുമായി ബന്ധപ്പെട്ട രണ്ട് പ്രസ്താവനകൾ കണ്ടെത്തുക
   a) ചിത്രകാരൻ
   b) വിഖ്യാതനായ ഊർജ്ജതന്ത്ര ശാസ്ത്രജ്ഞൻ
   c) നോബൽ സമ്മാന ജേതാവ്
   d) പത്മവിഭൂഷൻ ബഹുമതി നേടി

2) ശകുന്തള യെക്കുറിച്ച് ദുഷ്ഷന്തൻ പറയുന്ന രണ്ട് കാര്യങ്ങൾ തിരഞ്ഞെടുത്തു എഴുതുക
   a) നീ കുലടയാണ്
   b) സജ്ജനനിന്ദ ചെയ്യുന്നവളാണ്
   c) നിൻറെ ജന്മത്തേക്കാൾ ശ്രേഷ്ഠമാണ് എന്റെ ജന്മം
   d) പരഭൃതയാണ്

3 താഴെ കൊടുത്തവയിൽ പി പത്മരാജന്റെ കൃതികൾ ഏവ ?
   a) സന്ദർശനം
   b) നക്ഷത്രങ്ങളെ കാവൽ
   c) പ്രതിമയും രാജകുമാരിയും
   d) രണ്ടാമൂഴം

4 മാഡ്രിഡ് നഗരത്തിന് യോജിക്കാത്ത സവിശേഷതകൾ എടുത്ത് എഴുതുക.
   a) ഉൾക്കടലും ബോട്ടുകൾ അടുപ്പിക്കാനുള്ള സ്ഥലവും ഉണ്ട്
   b) വലിയ ഫ്ലാറ്റ് സമുച്ചയങ്ങൾ നിറഞ്ഞ നഗരം
   c) തുറമുഖ നഗരം
   d) പൊള്ളുന്ന വേനലും മഞ്ഞും കാറ്റും ഉള്ള സ്ഥലം

5 "ഞാനന്ന് ചിരിക്കും" എന്ന കാട്ടാളന്റെ ശുഭപ്രതീക്ഷയ്ക്ക് കാരണമാകുന്നവ ഏവ ?
   a) തിരമാലകൾ ചീറിയലയ്ക്കുന്നത്
   b) കുടൽമാലകൾ കൊണ്ട് നിറമാലകൾ തൂക്കുന്നത്
   c) വനമോടികൾ ആടിത്തെളിയുന്നത്
   d) ഒരു സൂര്യനുദിക്കുകയുംനിഴലായിട്ടമ്പിളി വളരുകയും ചെയ്യുന്നത്

6 മുതൽ 9 വരെ ചോദ്യങ്ങളിൽ മൂന്നെണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക (2 സ്കോർ വീതം ) 3 x 2 = 6

6 അന്നത്തെ മലയാളം ക്ലാസുകളുടെ പ്രത്യേകതയായി സുദർശൻ പറയുന്നത് എന്ത്?

7 " പിന്നെ നീ നിനക്കൊത്ത ദിക്കിനു പൊയ്ക്കൊള്ളണം" ശകുന്തളയെ പറഞ്ഞയക്കാൻ ദുഷ്ഷന്തൻ പറയുന്ന ഉപാധി എന്ത്

8 "അവർക്ക് പാകത വരുന്നതിന്റെ തെളിവാണിത്" ഏതു കാര്യത്തെ കുറിച്ചാണ് ടോട്ടോവിന്റേയും ജോവലിന്റെയും പപ്പ ഇങ്ങനെ പറഞ്ഞത്?

9 ഒരു ഭയം മാത്രമാണ് അപ്പോഴും അയാളെ നിരുത്സാഹപ്പെടുത്തിയത് എന്തായിരുന്നു ദിവാകരന്റെ ഭയം

10 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക (നാല് മാർക്ക് വീതം) 5x4=20

10 "ഭേദവും നമ്മിലെത്ര പാരമുണ്ടോർക്കും നേരം" ശകുന്തള പറയുന്ന ഭേദങ്ങൾ എന്തൊക്കെയാണ്?

11 "ഉലകാകെയുലയ്ക്കും മട്ടിൽ അലറി കാട്ടാളൻ " രോഷാകുലനായ കാട്ടാളന്റെ നിൽപ്പിനെ കവി അവതരിപ്പിക്കുന്നത് എങ്ങനെ?

12 ആ വെളിച്ചത്തിനു പിന്നിൽ ഒരു ചതി ഉണ്ടെന്ന് ദിവാകരൻ ചിന്തിക്കാനുള്ള കാരണമെന്ത്

13 "അവരുടെ ചൊടിയുള്ള കാലടി ശബ്ദം ദിവാകരനെ ഭയപ്പെടുത്തി" ആരുടെ? നിങ്ങളുടെ നിരീക്ഷണത്തിൽ ദിവാകരന്റെഭയത്തിന്റെ കാരണം എന്തായിരിക്കാം?

14 പണ്ഡിതന്മാർക്കു പോലുമുള്ള ദോഷമായി ശകുന്തള പറയുന്നത് എന്ത് വിശദീകരിക്കുക

15 കുടുംബജീവിതത്തിലെ ആഗ്രഹങ്ങളും പ്രതിസന്ധികളും വലിയ മാനസിക പ്രശ്നങ്ങളിലേക്ക് നയിക്കുന്ന സമകാലീന പശ്ചാത്തലത്തിൽ കാക്കത്തിമാരും കാക്കാലനും തമ്മിലുള്ള സംഭാഷണത്തിന്റെ പ്രസക്തി വിലയിരുത്തുക

16 മുതൽ 20 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെഉത്തരം എഴുതുക (6 സ്കോർ വീതം) 4x6 = 24

16 "പുരുഷരത്നമീ ബഹുകനോ" ഇപ്രകാരം ചിന്തിക്കാൻ കേശിനിയെ പ്രേരിപ്പിച്ച കാര്യങ്ങൾ എന്തെല്ലാം ?

17 സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ ക്രുദ്ധനാം സർപ്പത്തേക്കാളേറ്റവും പേടിക്കണം' പാഠഭാഗത്ത് എഴുത്തച്ഛൻ പറയുന്ന ഏതെങ്കിലും രണ്ട് ലോകോക്തികൾ ഉദ്ധരിച്ച് അവയെ വിശദീകരിക്കുക

18 മലതീണ്ടിയശുദ്ധം ചെയ്യവർ എന്ന കാട്ടാളന്റെ വാക്കുകൾ, കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി നാശനഷ്ടങ്ങൾ വരുത്തുന്ന സമകാലിക അവസ്ഥയുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക

19 പ്രതികരണശേഷിയുള്ള ജനങ്ങളും കാര്യക്ഷമമായ നിയമ സംവിധാനവും ഉത്തമ ഭരണത്തിന് അത്യാവശ്യമാണ് എന്ന് അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകം ഓർമ്മപ്പെടുത്തുന്നുണ്ടോ പരിശോധിക്കുക

20 "ഏതെങ്കിലും കുറെ പടങ്ങൾ പോരേ ഇന്നത് തന്നെ വേണമെന്ന് നിർബന്ധം പിടിക്കുന്നത് ബുദ്ധിയാണോ ?" ദിവാകരനോടുള്ള കച്ചവടക്കാരന്റെ ഈ ചോദ്യം അർത്ഥമാക്കുന്നത് എന്ത് ?

**താഴെക്കൊടുത്ത കവിതാ ഭാഗം വായിച്ച് 21 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക ( 2 സ്കോർ വീതം)** **3 X 2 = 6**

കാട്ടു മൃഗങ്ങളേ കാലം കളയാതെ
നാട്ടിലേയ്ക്കെത്തൂ പടയിളക്കൂ
എത്രയോ കാലമായ് സാധുക്കൾ നിങ്ങളെ
മർത്ത്യൻ കുതിര കയറിടുന്നു ?
ഒക്കുകില്ലിന്നിയിച്ചൂഷണമെന്നണ -
ഞ്ഞൊത്തുചേർന്നോതുവിൻ, പല്ലിളക്കിൻ
ദംഷ്ട്രകൾ കാട്ടി ഭയപ്പെടുത്തീടുവി-
നട്ടഹസിക്കുവിൻ ഘോരമായി
വജ്ര നഖങ്ങളാൽ മാന്തി പൊളിക്കുവിൻ
മർത്ത്യന്റെ മാംസള സ്കന്ധ പിണ്ഡം
ഈ വിശ്വരംഗമിതൊന്നു പോൽ ഹാ സർവ്വ -
ജീവജാലങ്ങൾക്കു മുള്ളതല്ലേ

21 കാട്ടുമൃഗങ്ങളോട് കവി എന്താണ് ആഹ്വാനം ചെയ്യുന്നത്?
22 ഇനി എന്ത് ഒക്കുകയില്ല എന്നാണ് ഇവിടെ പറയുന്നത്?
23 മനുഷ്യനെ എങ്ങനെയൊക്കെ ഭയപ്പെടുത്താനാണ് കവി മൃഗങ്ങളോട് പറയുന്നത്?

**24 മുതൽ 26 വരെ ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക (8 സ്കോർ വീതം) 2 x 8 = 16**

24 സമകാലിക രാഷ്ട്രീയത്തിൽ അടിച്ചുതളിക്കാരി എന്ന കഥാപാത്രത്തിന്റെ പ്രസക്തി അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിൻറെ പശ്ചാത്തലത്തിൽ വിലയിരുത്തുക

25 ദിവാകരനും കുട്ടികളും സമീപിക്കുന്ന വിപണിയും അവരുടെ ലക്ഷ്യവുംഒന്നുതന്നെയാണ് എന്നാൽ പടം തിരഞ്ഞ് തളരുന്ന ദിവാകരനും നിമിഷനേരം കൊണ്ട് തങ്ങൾക്ക് വേണ്ടത് പൊതിഞ്ഞു വാങ്ങുന്ന കുട്ടികളും രണ്ട് തലമുറകളുടെ കാഴ്ചപ്പാടിലുള്ള വ്യത്യാസം പ്രകടമാക്കുന്നുണ്ടോ ?

26 പ്രകൃതി നശീകരണത്തിന് ഇന്ന് കാടെന്നും നാടെന്നും വ്യത്യാസം ഇല്ലാതായിരിക്കുന്നു കാട്ടാളന്റെ ആധി അതിലേറെ തീവ്രമായി ഇന്ന് നമ്മളിലും നിറയുന്നില്ലേ ? മല തീണ്ടാതെ തന്നെ പ്രകൃതി നശിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് ഉപന്യസിക്കുക.